(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

പോലീസ് വകുപ്പിലെ ഭരണനവീകരണം

154 [790] ശ്രീ. കെ. മുഹമ്മദാലി:
" കെ. സി. വേണുഗോപാൽ:
" എൻ. ശക്തൻ:
" എം. മുരളി:
" ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ രംഗത്ത് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) പ്രസ്തുത നടപടികൾകൊണ്ട് ഭരണ രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിയെന്ന് അറിയിക്കാമോ;

(സി) പോലീസ് വകുപ്പിൽ ഭരണനവീകരണത്തിന്റെ പേരിൽ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) പോലീസിനെ ജനങ്ങളുടെ സുഹൃത്തുക്കളാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—സി) ഭരണ നടപടികൾ നവീകരിക്കുന്നതിന്റെ ഭാഗമായി പോലീസ് വകുപ്പിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങളെ സംബന്ധിച്ച് ഡി. ജി. പി. - യിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. പോലീസുകാരുടെ ജോലി സമയം 8 മണിക്കൂർ ആയി നിജപ്പെടുത്തണമെന്ന ആവശ്യം നടപ്പിലാക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ 57 പോലീസ് സ്റ്റേഷനുകളിൽ ഇതു നടപ്പാക്കിക്കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പൊതുജനങ്ങളുടെ സൗഹൃദവും വിശ്വാസവും നേടിയെടുത്തു കൊണ്ട് അവരുടെ സമ്പൂർണ്ണ സഹകരണത്തോടെ കുറ്റകൃത്യങ്ങൾ തടയുന്നതും, കണ്ടുപിടിക്കുന്നതും ഉൾപ്പെടെ പോലീസ് പ്രവർത്തനങ്ങൾ നടത്തി ജനങ്ങളുടെ സഹകരണത്തോടുകൂടി സമൂഹത്തിന് അങ്ങേയറ്റം പ്രയോജനകരമാകത്തക്ക വിധത്തിൽ പോലീസ് പ്രവർത്തനം നടപ്പിൽ വരുത്തുന്നതിനുള്ള കമ്മ്യൂണിറ്റി പോലീസിങ് പ്രോഗ്രാമിന്റെ ഭാഗമായി മൈത്രി പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

പൊതുയോഗം, പ്രകടനം എന്നിവയ്ക്ക് നിയന്ത്രണം

155 [793] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകടനങ്ങൾ പൊതുയോഗങ്ങൾ, സർക്കാർ ഓഫീസുകളിലേക്ക് മാർച്ചുകൾ ഇവ നടത്തുന്നതിന് എന്തെങ്കിലും രീതിയിലുള്ള നിയന്ത്രണങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഇതിനടിസ്ഥാനമായ ഉത്തരവുകളുടേയും നിർദ്ദേശങ്ങളുടേയും പകർപ്പ് ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly